486
10/1/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവിവകുപ്പ്-വനംവകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിൽ ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക് DRB റൂളിൽ ഇളവ് വരുത്തി എറണാകുളം ജില്ലയിലേക്ക് അന്തർജില്ല സ്ഥലം മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി(എഫ്)വകുപ്പ്

**സ.ഉ.(കൈ) നം.1/2019/വനം** തീയതി,തിരുവനന്തപുരം, 05/01/2019

---

പരാമർശം:- 1. 02/12/1991ലെ സ.ഉ(പി). 36/91/ഉ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2. ശ്രീ. ബേസിൽ ചാക്കോ 26.02.2018 ൽ സമർപ്പിച്ച അപേക്ഷ.

3 ശ്രീ ബേസിൽ ചാക്കോയുടെ മാതാവ് ശ്രീമതി. മേരി ചാക്കോ 09.03.2018 ൽ സമർപ്പിച്ച നിവേദനം.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 15.03.2018, 08.05.2018, 04.08.2018 തീയതികളിലെ ഇ7--10504/2018 നമ്പർ കത്തുകൾ. എറണാകുളം ജില്ലാ കളക്ടറുടെ 08.06.2018 ലെ എ6/7204/2018

5. നം. അന്വേഷണ റിപ്പോർട്ട്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിൽ ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക് DRB റൂളിൽ ഇളവ് വരുത്തി എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം (2)പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷത്തെ സേവനം

പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ ശ്രീ. ബേസിൽ ചാക്കോ വയനാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ട് 1 വർഷം പൂർത്തീകരിക്കുന്നതേയുള്ളൂവെന്നും , ടിയാന്റെ സഹോദരൻ ബി.എസ്.എഫ് ജവാനായി സേവനത്തിലിരിക്കേ മരണപ്പെട്ടുപോയതിനാൽ രോഗബാധിതയായ മാതാവിനെ സംരക്ഷിക്കുന്നതിനായി ടിയാന് സ്ഥലം മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിരുന്നു.

2. ശ്രീ ബേസിൽ ചാക്കോയുടെ മാതാവായ ശ്രീമതി. മേരി ചാക്കോ വൃദ്ധയും, വികലാംഗയും,അനാരോഗ്യവതിയും, വിധവയുമാണെന്നും, നിലവിൽ ഒറ്റയ്ക്കാണ് താമസമെന്നും, ടിയാരിയുടെ ബി.എസ്.എഫ് ജവാനായിരുന്ന മൂത്ത മകനും, ഭർത്താവും മരണപ്പെട്ടിട്ടുള്ളതാണെന്നും, ഏക ആശ്രയം രണ്ടാമത്തെ മകനായ ശ്രീ. ബേസിൽ ചാക്കോയാണെന്നും, അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്നും, മാനുഷീക പരിഗണനയർഹിക്കുന്നതാണെന്നും, അതിനാൽ അനുകൂലതീരുമാനം ഉണ്ടാകണമെന്നും പരാമർശം (5) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം പരാമർശം (4) ലെ ഭരണവിഭാഗം ഉപമുഖ്യവനപാലകന്റേയും, പരാമർശം (5) ലെ എറണാകുളം ജില്ലാ കളക്ടറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും, ഇത് മാനുഷീക പരിഗണനയർഹിക്കുന്നതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ വനംവകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക്, അന്തർജില്ല സ്ഥലം മാറ്റത്തിന് ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണമെന്ന പരാമർശം(1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച്, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. ബേസിൽ ചാക്കോ എറണാകുളം ജില്ലയിൽ ഏറ്റവും ജൂനിയറായി ജോലിയിൽ പ്രവേശിക്കേണ്ടതും, ഇതുവരെയുള്ള സീനിയോരിറ്റി നഷ്ടപ്പെടുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിന്സിപ്പല് സെക്രട്ടറി

പകർപ്പ്

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം

ശ്രീ.ബേസിൽ ചാക്കോ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഭരണവിഭാഗം ഉപമുഖ്യവനപാലകൻ മുഖേന)

ജില്ലാ കളക്ടർ,എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ്& ന്യൂ മീഡിയ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(ഫയൽ നം സി3/207/2018-ഉ.ഭ.വ)

പൊതുഭരണ(എസ്.സി) വകുപ്പ്.(ഇനം.നം.2731,തീയതി 03.01.2019)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2019.01.07 09:32:31 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 03-01-2019

ഫയൽ നം.73/എഫ്3/2018/വനം

ഇനം നം: 2731

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ വയനാട് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക് എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 73/എഫ്3/2018/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ വയനാട് ജില്ലയിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക് എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/11/2018 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 03/12/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 14/12/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18/12/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20/12/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനംവകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക് ജില്ലാതല നിയമന വ്യവസ്ഥകളിൽ ഇളവു വരുത്തി എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. ശ്രീ. ബേസിൽ ചാക്കോയുടെ സഹോദരൻ അതിർത്തി രക്ഷാസേനയിൽ ജോലിചെയ്തു വരവെ 20/07/2015 ൽ രോഗബാധിതനായി മരണപ്പെട്ടു. 24/01/2018 ൽ ടിയാന്റെ അച്ഛനും മരണപ്പെട്ടു. ഈ സാഹചര്യത്തിൽ തന്റെ ഇളയ മകനായ ശ്രീ. ബേസിൽ ചാക്കോ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സൗത്ത് വയനാട് ഡിവിഷനിൽ ജോലിനോക്കുന്നതിനാൽ താൻ തനിച്ചാണെന്നും, അതിനാൽ തന്റെ മകന് എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നും ടിയാളുടെ അമ്മയായ ശ്രീമതി. മേരി ചാക്കോ അപേക്ഷ സമർപ്പിച്ചിരുന്നു.

3. അന്തർ ജില്ല സ്ഥലമാറ്റം അനുവദിക്കുന്നതിന് നിലവിലെ നിയമപ്രകാരം ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിക്കേണ്ടതുണ്ട്. ശ്രീ.ബേസിൽ ചാക്കോ സർവ്വീസിൽ പ്രവേശിച്ചിട്ട് 1 ½ വർഷം കഴിഞ്ഞിട്ടുണ്ട്. എന്നാൽ 02/12/1991 ലെ GO(P)No. 36/91/P&ARD നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം തികച്ചും അനിവാര്യമായ അടിയന്തിര സാഹചര്യത്തിൽ, സ്ഥലം മാറ്റം ആവശ്യപ്പെടുന്ന ജില്ലയിലെ ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മന്ത്രിസഭയുടെ അംഗീകാരത്തോടെ, നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി അന്തർ ജില്ല സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്.

4. ശ്രീമതി. മേരി ചാക്കോ മൂവാറ്റുപുഴ താലൂക്കിൽ വാഴക്കുളം വില്ലേജിൽ താമസക്കാരിയും, വൃദ്ധയും, വികലാംഗയും, അനാരോഗ്യവതിയും, വിധവയുമാണെന്നും, നിലവിൽ ഒറ്റയ്ക്കാണ് താമസമെന്നും, ടിയാരിയുടെ മൂത്ത മകൻ ബി.എസ്.എഫ് ജവാൻ മരണപ്പെട്ടിട്ടുള്ളതാണെന്നും, 24/01/2018 ൽ അപേക്ഷകയുടെ ഭർത്താവും മരണപ്പെട്ടുവെന്നും ഏക ആശ്രയമായ ടിയാരിയുടെ മകനായ ശ്രീ. ബേസിൽ ചാക്കോയ്ക്ക്, വയനാട് ജില്ലയിൽ ജോലി ചെയ്ത് വരുന്നതിനാൽ, ദിനംപ്രതി വീട്ടിൽ വരുവാൻ സാധിക്കുകയില്ലായെന്നും, നിലവിലെ

സാഹചര്യത്തിൽ മകന്റെ സാന്നിധ്യം ശ്രീമതി. മേരി ചാക്കോയുടെ മാനസിക സ്വസ്ഥതയ്ക്ക് അത്യന്താപേക്ഷിതമായതിനാലും, മാനുഷിക പരിഗണനാർഥം ശ്രീ. ബേസിൽ ചാക്കോയ്ക്ക് എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കാമെന്നും എറണാകുളം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട് ഈ വിഷയത്തിൽ ഉ.ഭ.പ.വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

**"അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് വിവിധ നിബന്ധനകൾ സഹിതം ഈ വകുപ്പിൽ നിന്ന് 02.12.1991 തീയതിയിൽ സ.ഉ (പി) നം.36/91/ ഉഭപവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (ലോക്കൽ റഫറൻസിൽ കാണാവുന്നതാണ്). പ്രസ്തുത ഉത്തരവിന്റെ 5-ആം ഖണ്ഡികയിൽ പറയും പ്രകാരം ശ്രീ.ബേസിൽ ചാക്കോയുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പ്രത്യേക പരിഗണനയർഹിക്കുന്ന വിഷയമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മന്ത്രിസഭയുടെ അനുമതിയോടെ ഇക്കാര്യത്തിൽ ഭരണവകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്".**

5. ശ്രീ. ബേസിൽ ചാക്കോയുടെ മാതാവ് വികലാംഗയും രോഗിയുമാണെന്നതിനാലും, മൂത്ത മകനും ഭർത്താവും മരണപ്പെട്ടതിനാൽ മറ്റാരും ആശ്രയമില്ലാത്തതിനാലും, അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും ഈ വിഷയം മാനുഷിക പരിഗണനയർഹിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

വനംവകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയ്ഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീ. ബേസിൽ ചാക്കോയ്ക്ക്, അന്തർജില്ല സ്ഥലം മാറ്റത്തിന് ജോലിയിൽ പ്രവേശിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചിരിക്കണമെന്ന 02/12/1991 ലെ GO(P)No. 36/91/P&ARD നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് അനുവദിച്ച്, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, എറണാകുളം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് അനുമതി നൽകാമോ?